# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 673 10/03/2015-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ നാല് വർഷങ്ങളിൽ അട്ടപ്പാടി ആദിവാസി മേഖലയിൽ എത്ര സ്ത്രീകളും കുട്ടികളും മരണമടഞ്ഞിട്ടുണ്ടെന്ന് പറയാമോ ; | (എ) | കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ അട്ടപ്പാടി മേഖലയിൽ നവജാത ശിശുക്കൾ ഉൾപ്പെടെ 72 കുട്ടികൾ മരണമടഞ്ഞിട്ടുണ്ട്. പ്രായാധിക്യം, പലവിധ അസുഖങ്ങൾ ഉൾപ്പെടെ വിവിധ കാരണങ്ങളാലാണ് സ്ത്രീകൾ മരണപ്പെട്ടിട്ടുള്ളത്. |
| (ബി) | ഈ മേഖലയിൽ അമ്മമാരും കുഞ്ഞുങ്ങളും തുടർച്ചയായി മരണപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (ബി) | പരിശോധിച്ചി ട്ടുണ്ട്. |
| (സി) | എങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇതു സംബന്ധിച്ച ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇവിടെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും മരണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | അട്ടപ്പാടി മേഖലയിൽ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും മരണം തടയുന്നതിനായി സർക്കാർ വിവിധ വകുപ്പുകൾ മുഖേന ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഐ.സി.ഡി.എസ്. ന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു.<br>• പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്തു വരുന്നു.<br>• മേഖലയിൽ 130 പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സമൂഹ അടുക്കള നിലവിൽ പ്രവർത്തിച്ചു വരുന്നു.<br>• കൗമാരക്കാരായ പെൺകുട്ടികൾക്ക് “സബല കിറ്റുകൾ” വിതരണം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | • കുടുംബശ്രീ യൂണിറ്റുകൾ മുഖേന അമൃതം ന്യൂട്രീമിക്സ് നൽകുന്നു.<br>• വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും ഫോളിക് ആസിഡ് ഗുളികകൾ നൽകി വരുന്നു.<br>• പോഷണ കുറവുള്ള കുട്ടികളെ ക ണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും "ജാതക് ജനനി സോഫ്റ്റ്‌വെയർ" ഉപയോഗിക്കുന്നു.<br>• പോഷണ കുറവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ചികിത്സയും പോഷകാഹാരവും നൽകുന്നതിന് മേഖലയിൽ 3 ന്യൂട്രീഷൻ റീ-ഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br>• 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുകയും വിദൂര ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർ, ആരോഗ്യ പ്രവർത്തകർ എന്നിവർ കൃത്യമായ ഇടവേളകളിൽ വീടുകൾ സന്ദർശിക്കുകയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ എന്നിവർക്ക് ആവശ്യമായ ചികിത്സ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.<br>• എ.പി.എൽ. ബി.പി.എൽ. ഭേദമന്യേ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങിക്കുന്നതിനായി പ്രതിമാസം 1000/- രൂപ നിരക്കിൽ (ജനനീ ജന്മ രക്ഷ പദ്ധതി പ്രകാരം) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് മണിയോർഡർ ആയി തുക ഗുണഭോക്താക്കൾക്ക് അയച്ചു നൽകുന്നു.<br>• പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് 3.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ഊരുകളിൽ റാഗി, പയർ, ചോളം, ചാമ തുടങ്ങിയ കൃഷികൾ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. |
| (ഇ) | മേൽപ്പറഞ്ഞ രീതിയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പവരുത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ? | (ഇ) | സർക്കാരിന്റെ ഇത്തരം സമയോചിതമായ ഇടപെടൽ കൊ ണ്ട് ആദിവാസി മേഖലയിലെ അമ്മമാരുടേയും കുട്ടികളുടേയും മരണം നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ഒറ്റപ്പാലം സബ് കളക്ടർ നോഡൽ ഓഫീസറായി ഒരു ജനകീയ സമിതി സർക്കാർ രൂപീകരിക്കുകയും ടി സമിതി കൃത്യമായ ഇടവേളകളിൽ യോഗം |

| | | | |
|---|---|---|---|
| | | | ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നിർദ്ദേശങ്ങളും ശുപാർശകളും ബന്ധപ്പെട്ടവർക്ക് നൽകുന്നുമുണ്ട്. ടി സമിതിയിൽ ബഹു: പാലക്കാട് എം.പി., പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അട്ടപ്പാടി ഡിവിഷൻ മെമ്പർ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അഗളി/പുതൂർ/ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവരെ അംഗങ്ങളായും നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

യു.ഐ.പി2/45662/15/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം,തീയതി.7.2.2015.

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

HEALTH AND FAMILY WELFARE DEPT.
10 FEB 2015
995

സർ,

വിഷയം:-ആരോഗ്യവകുപ്പ് 13-ാം കേരളനിയമസഭയുടെ 11-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5630-നുള്ള മറുപടി സ്പഷ്ടീകരണം- സംബന്ധിച്ച്-

സൂചന:-സർക്കാരിന്റെ 3.2.2015-ലെ 153/എഫ്.ഡബ്ല്യു2/15/ആ.കു.വ നമ്പർ കത്ത്

****

സൂചന പ്രകാരം ആവശ്യപ്പെട്ട 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5630-നുള്ള മറുപടിക്കുള്ള സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

ജനനം മുതൽ ഒരു വയസ്സുവരെയുള്ള കുട്ടികളുടെ മരണങ്ങളെയാണ് ശിശുമരണത്തിൽ (Infant death) ഉൾപ്പെടുത്തുന്നത്. കുട്ടികളുടെ മരണങ്ങളിൽ അഞ്ച് വയസ്സ് വരെയുള്ള കുട്ടികളെയാണ് ഉൾപ്പെടുത്തുന്നത്. ഈ പ്രായത്തിലുള്ള കുഞ്ഞുങ്ങളിൽ ഭക്ഷണക്കുറവ് മൂലമുണ്ടാകുന്ന മരണങ്ങളെയാണ് പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന മരണങ്ങളുടെ കൂട്ടത്തിൽപ്പെടുത്താൻ കഴിയുകയുള്ളൂ. ജനന സമയം മുതൽ ആറുമാസം വരെ മുലപ്പാൽ മാത്രം നൽകിയാണ് കുഞ്ഞിനുവേണ്ട പോഷണം നൽകുന്നത്. തുടർന്ന് മുലപ്പാലിനൊപ്പം മറ്റ് ഭക്ഷണങ്ങളും നൽകുന്നു. ഒരു വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളിലും അഞ്ച് വയസ്സിന് താഴെയുള്ള മറ്റ് കുട്ടികളിലും ഇത്തരത്തിലുള്ള പോഷണക്കുറവ് മൂലമുള്ള മരണങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. സൂചനയിൽ പരാമർശിക്കുന്ന യു.ഐ.പി.നം.45662 കത്ത് തീയതി 30.6.2013 പ്രകാരം ഇക്കാര്യമാണ് ഈ ആഫീസിൽ നിന്ന് റിപ്പോർട്ട് ചെയ്തത്. പോഷണകുറവ് മൂലം അമ്മമാരും മരണപ്പെട്ടിട്ടില്ല.

101342

(അട്ടപ്പാടിയിലെ ശിശുമരണങ്ങളുടെ കാരണങ്ങളായി ഗർഭിണിയായിരിക്കുമ്പോഴുള്ള അമ്മമാരുടെ പോഷണക്കുറവ്, തൂക്കം കുറഞ്ഞ കുഞ്ഞുങ്ങളുടെ ജനനം, മാസം തികയാതെയുള്ള പ്രസവം, ജന്മനാലുള്ള ആന്തരികാവയങ്ങളുടെ തകരാറുകൾ, അണുബാധ തുടങ്ങിയവയാണ് കണ്ടെത്തിയിട്ടുള്ളത്.) ഈ മറുപടി ഈ ആഫീസിൽ നിന്ന് നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരമായി ഹെൽത്ത് സെക്രട്ടറിയേറ്റിലേക്കും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലേക്കും നൽകിയിട്ടുള്ളതുമാണ്. (അമ്മമാരുടെ പോഷണകുറവ് നവജാത ശിശുക്കളുടെ മരണത്തിന് കാരണമാകുന്നുണ്ട് എന്ന കാര്യവും, പോഷണകുറവ് മൂലമുള്ള കുഞ്ഞുങ്ങളുടെ മരണം എന്നതും വ്യത്യസ്ഥമായ കാര്യങ്ങളാണ്.)

വിശ്വസ്തതയോടെ,

[signature] 7/2/15

[signature]

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

L. RADHALEKSHMY
Administrative Assistant (Planning)
Directorate of Health Services
Thiruvananthapuram

വി.എം-7/2/15

[signature]
സെക്ഷൻ ഓഫീസർ

1013420

GOVERNMENT OF KERALA 2014-15